## ഹദീസ്

സുബൈർ കുന്ദമംഗലം

# അധ്വാനത്തിന്റെ മഹത്വം

عَنِ الْمِقْدَامِ رَضِى اللّه عَنْهُ عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ: مَا أَكَلَ أَحَدٌ طَعَامًا قَطُّ خَيْرًا مِنْ أَنْ يَأْكُلَ مِنْ عَمَلِ يَدِهِ، وَإِنَّ نَبِيَّ اللَّهِ دَاوُدَ عَلَيْهِ السَّلاَمُ كَانَ يَأْكُلُ مِنْ عَمَلِ يَدِهِ (رواه البخارى)

**മിഖ്ദാമി(റ)ൽനിന്ന്: നബി (സ) പറഞ്ഞു: സ്വയം അധ്വാനിച്ച് നേടിയതുകൊണ്ട് ആഹരിക്കുന്നതിനേക്കാൾ ഉത്തമമായ ഭക്ഷണം ഒരാളും കഴിച്ചിട്ടില്ല. അല്ലാഹുവിന്റെ പ്രവാചകൻ ദാവൂദ്(അ) അധ്വാനിച്ചാണ് ഉപജീവനം കഴിച്ചിരുന്നത് (ബുഖാരി).**

അന്തസ്സും ആത്മാഭിമാനവുമുള്ള സമൂഹത്തിന്റെ നിർമിതി ഇസ്‌ലാമിന്റെ ലക്ഷ്യമാണ്. പരാശ്രയമില്ലാതെ സ്വന്തം കാലിൽ നിൽക്കുന്ന വ്യക്തികളിലൂടെയാണ് നല്ല സമൂഹം രൂപപ്പെടുക. 'ആരാന്റെ ഊരയിൽ ചാരി' നിൽക്കുന്നതും ഇത്തിക്കണ്ണി ജീവിതം നയിക്കുന്നതും അഭിമാനികൾക്ക് ചേർന്നതല്ല. അന്യരുടെ മുമ്പിൽ കൈനീട്ടി യാചിക്കുന്നത് പൊതുവെ മതങ്ങളൊന്നും പ്രോത്സാഹിപ്പിക്കുന്നില്ല.

അധ്വാനത്തിനും അനുവദനീയമായ സമ്പാദനത്തിനും പ്രേരണയും പ്രോത്സാഹനവും നൽകിയ ഇസ്‌ലാം അലസതയും നിഷിദ്ധരൂപേണയുള്ള വിഭവസമാഹരണവും ഗുരുതരമായി കാണുന്നു. അന്ത്യനാളിലെ വിചാരണാ വേളയിൽ അല്ലാഹുവിന്റെ പ്രത്യേക തണൽ ലഭിക്കുന്ന ഏഴ് വിഭാഗത്തിൽ ഒന്നാണ് പള്ളിയുമായി ഹൃദയബന്ധമുള്ളവർ. എന്നാൽ, നമസ്കാരസമയം അവസാനിച്ച ശേഷവും പള്ളിയിൽ ചടഞ്ഞുകൂടുന്നത് അഭികാമ്യമല്ല. ആരാധന കഴിഞ്ഞാൽ പള്ളി വിട്ടിറങ്ങി കർമഭൂമിയിലേക്ക് കുതിക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ''നമസ്കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുക. അല്ലാഹുവിന്റെ ഔദാര്യം തേടുകയും ചെയ്യുക'' (*അൽ ജുമുഅ:* 10). ''അവനത്രെ ഭൂമി നിങ്ങൾക്ക് വിധേയമാക്കിത്തന്നത്. അതിനാൽ അതിന്റെ 'ചുമലു'കളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്തുകൊള്ളുവിൻ'' (*അൽ മുൽക്ക്:* 15).

അധ്വാനത്തിന് ഇസ്‌ലാം ഉചിതമായ മൂല്യം നിർണയിച്ചു. തൊഴിലിനെ ഇബാദത്തുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി. പാപവിമുക്തിയുടെ കാരണങ്ങളിലൊന്നായി വിശേഷിപ്പിച്ചു. തൊഴിലിന്റെയും തൊഴിലാളിയുടെയും മഹത്വം വിശദീകരിക്കുന്ന വേറെയും ഹദീസുകളുണ്ട്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈകളിലാണോ അവനാണ, നിങ്ങളിൽ ആരെങ്കിലും തന്റെ കയറെടുത്ത് വിറക് ശേഖരിക്കുന്നതാണ് യാചിക്കുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളത്. അയാൾ നൽകട്ടെ, നൽകാതിരിക്കട്ടെ' (ബുഖാരി).

കാൾ മാർക്സിനും കമ്യൂണിസത്തിനും മുമ്പ് തൊഴിലാളിയുടെ അവകാശത്തിനു വേണ്ടി ശബ്ദിച്ചതും പ്രായോഗിക നിർദേശം നൽകിയതും ഇസ്‌ലാമും പ്രവാചകനുമാണ്. തൊഴിലാളികളോട് മാന്യമായി പെരുമാറാനും വിട്ടുവീഴ്ച ചെയ്യാനും ജോലിയുടെ കാഠിന്യം കുറച്ചുകൊടുക്കാനും പ്രതികൂല കാലാവസ്ഥയിൽ തൊഴിലിൽ ഇളവ് അനുവദിക്കാനും പ്രവാചകൻ ഉണർത്തി. തൊഴിലാളിയുടെ വിയർപ്പിന്റെ വില പരിഗണിച്ച ഇസ്‌ലാം അയാളുടെ വിയർപ്പ് വറ്റും മുമ്പെ കൂലി തീർത്ത് കൊടുക്കണമെന്നും നിർദേശിച്ചു. ബുഖാരി ഉദ്ധരിച്ച ഖുദ്സിയായ ഹദീസ് കാണുക. അബൂഹുറയ്റ(റ)യിൽനിന്ന്: അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു: 'അന്ത്യനാളിൽ ഞാൻ മൂന്ന് പേരുടെ എതിരാളിയായിരിക്കും. എന്റെ പേരിൽ നൽകാമെന്ന് പ്രഖ്യാപിക്കുകയും പിന്നീട് വഞ്ചിക്കുകയും ചെയ്തവൻ, സ്വതന്ത്രനായ മനുഷ്യനെ വിൽപ്പന നടത്തി അതിന്റെ വില ഭക്ഷിച്ചവൻ, കൂലിവേലക്ക് ആളെ വിളിച്ചുവരുത്തി തൊഴിലെടുപ്പിച്ച ശേഷം പ്രതിഫലം കൊടുക്കാത്തവൻ.'

ഒരിക്കൽ ഖൈസിന്റെ മകൾ ഫാത്വിമ പ്രവാചകനെ സമീപിച്ച് ഇപ്രകാരം ബോധിപ്പിച്ചു: 'അബൂസുഫ്‌യാന്റെ മകൻ മുആവിയയും അബൂജഹ്മും വിവാഹാഭ്യർഥനയുമായി എന്നെ സമീപിച്ചിരിക്കുന്നു. ഞാൻ ആരെയാണ് വിവാഹം ചെയ്യേണ്ടത്?' തിരുനബി (സ)അവരോട് പറഞ്ഞു: 'മുആവിയ സ്വന്തമായി വരുമാനമില്ലാത്ത ദരിദ്രനാണ്. അബൂജഹ്മാകട്ടെ കഠിനാധ്വാനിയും. അയാൾ ഒരിക്കലും തന്റെ പണിയായുധം ചുമലിൽനിന്ന് ഇറക്കിവെക്കാറില്ല.' മുആവിയ വർത്തകപ്രമാണിയും നാട്ടുമൂപ്പനുമായ അബൂസുഫ്‌യാന്റെ പുത്രനാണെങ്കിലും സ്വന്തമായി അധ്വാനിച്ച് ഒന്നും നേടുന്നില്ല എന്നാണ് പ്രവാചകൻ സൂചിപ്പിച്ചത്.